# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 5<br>January 5 | 2019 |
| --- | --- |

*1193 ധനു 21 ശനി*

# പത്രക്കുറിപ്പ് -1



www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


**എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് പദ്ധതികൾക്ക് ആസൂത്രണസമിതിയുടെ അംഗീകാരം**

എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ 4.47 കോടി രൂപയുടെ 107 പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി തെള്ളിയൂർ പ്രാഥമികാരോഗ്യ കേന്ദ്രം കമ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിന് 10 ലക്ഷം രൂപയും പ്ലാസ്റ്റിക് രഹിത പഞ്ചായത്ത് എന്ന സങ്കൽപം പ്രാവർത്തികമാക്കുന്നതിന് പഞ്ചായത്തിന്റെ പ്രധാന കവലകളിൽ പ്ലാസ്റ്റിക് കളക്ഷൻ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് 2.87 ലക്ഷം രൂപയും നീക്കിവെച്ചിട്ടു ്. എഴുമറ്റൂർ ഹയർസെക്ക റി സ്കൂൾ നിർമാണത്തിന് 10 ലക്ഷം രൂപയും കലാസാംസ് കാരിക വികസനത്തെ ലക്ഷ്യം ക ുകൊ ് പടയണി കലാകാരന്മാർക്ക് പ്രോത്സാഹനം നൽകുന്നതിന് 1.5 ലക്ഷം രൂപയും പഞ്ചായത്ത് ഓഫീസ് നവീകരണത്തിന് എംഎൽഎ ഫ 1നൊപ്പം 25 ലക്ഷം രൂപയും ശ്മശാനത്തിന് സ്ഥലം വാങ്ങുന്നതിന് 6.32 ലക്ഷം രൂപയും വകയിരുത്തിയിട്ടു ്. സമഗ്ര പച്ചക്കറികൃഷി, തെങ്ങുംതൈ, കുറ്റികുരുമുളക് തൈ, ഇടവിളകൃഷിക്ക് ആവശ്യമായ വിത്തുകളും, വെറ്റിനറി മേഖലയിൽ കറവപ്പശുവിന് കാലിത്തീറ്റയും, കാലിത്തൊഴുത്ത് നവീകരണവും പാലിന് സബ്സിഡിയും ചേർത്ത് 59 ലക്ഷം രൂപയും ഉൽപാദന മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. റോഡ് വികസനത്തിന് മെയിന്റനൻസ് ഗ്രാന്റും പദ്ധതി വിഹിതവും ചേർത്ത് 1.37 കോടി രൂപയും പഞ്ചായത്തിലെ ഗവൺമെന്റ് എൽപി സ്കൂളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണത്തിനായി മൂന്ന് ലക്ഷം രൂപയും


Sample output to test PDF Combine only

വകയിരുത്തി. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠനവും സാമൂഹിക പശ്ചാത്തല വികസനവും ലക്ഷ്യമാക്കി 45 ലക്ഷം രൂപയും മാറ്റിവെച്ചിട്ടു ്. പഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പ്രൊജക്ടുകളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് പ്രസിഡന്റ് ജയൻ പുളിയ്ക്കൽ അറിയിച്ചു. (പിഎൻപി 36/19)

## കൊറ്റനാട് ഗ്രാമപഞ്ചായത്ത് പദ്ധതികൾക്ക് ആസൂത്രണസമിതി അംഗീകാരം

കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തേക്കുള്ള വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകി. 3.75 കോടി രൂപയുടെ വാർഷിക പദ്ധതിയിൽ നിർബന്ധമായി വകയിരുത്തേ പദ്ധതികൾ കൂടാതെ ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് നടപ്പിലാക്കുന്ന ശ്മാശന നിർമാണം, പഞ്ചായത്ത് കെട്ടിട നിർമാണ പൂർത്തീകരണം, ലൈഫ് ഭവന പദ്ധതി, അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ, വിവിധ റോഡുകളുടെ നിർമാണവും പരിപാലനവും തുടങ്ങിയ പദ്ധതികൾ ഉൾപ്പെട്ടിരിക്കുന്നു. കാർഷിക മേഖലയിൽ ഊന്നൽ നൽകികൊ ് ഹരിതകേരള മിഷനുമായി സഹകരിച്ചുകൊ ുള്ള പദ്ധതികളും മൃഗസംരക്ഷണ പദ്ധതികളും ഉൾപ്പെട്ട പദ്ധതികളാണ് 2019-20 വർഷം പഞ്ചായത്ത് നടപ്പിലാക്കുന്നതെന്ന് പഞ്ചായത്ത് പ്രസിഡന്റ് എം.എസ് സുജാത പറഞ്ഞു. (പിഎൻപി 37/19)

## ഇന്റർവ്യൂ മാറ്റിവച്ചു

ഏറത്ത് പഞ്ചായത്തിൽ ഈ മാസം 10 മുതൽ 15 വരെ നടത്താനിരുന്ന അങ്കണവാടി വർക്കർ-ഹെൽപ്പർ തസ്തികകളിലേക്കുള്ള ഇന്റർവ്യൂ മാറ്റിവച്ചതായി പറക്കോട് അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസർ അറിയിച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും. (പിഎൻപി 38/19)

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

വ്യവസായ വകുപ്പിൽ നിന്നും ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള മാർജിൻ മണി വായ്പ കുടിശിക തീർക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അനുവദിച്ച് സർക്കാർ ഉത്തരവായി. ര ് കാറ്റഗറികളിലായാണ് പദ്ധതി ആനുകൂല്യം ലഭ്യമാക്കുന്നത്.

യൂണിറ്റ് ഉടമയായ വായ്പക്കാരൻ മരണപ്പെടുകയും സ്ഥാപനം പ്രവർത്തനരഹിതവും സ്ഥാപനത്തിന്റെ ആസ്തികൾ വായ്പാ തിരിച്ചടവിന് സാധ്യമല്ലാത്ത തരത്തിൽ നിലവിലില്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കുടിശിക തുക പൂർണമായും എഴുതിത്തള്ളും. ഇതിനായി അനന്തരാവകാശിയുടെ അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം സമർപ്പിക്കണം. ഇതിന് മാർജിൻ മണിവായ്പയുടെ കാലാവധി പൂർത്തിയാകാൻ കാത്തിരിക്കേ തില്ല.

മറ്റുള്ള എല്ലാ മാർജിൻ മണി വായ്പകളിലും മുതലും പലിശയും ചേർന്ന തുകയാണ് തിരിച്ചടയ്ക്കേ ത്.

പദ്ധതിയുടെ ആനുകൂല്യത്തിനായി അതത് താലൂക്ക് വ്യവസായ ഓഫീസുകളിലോ ജില്ലാ വ്യവസായ കേന്ദ്രത്തിലോ ബന്ധപ്പെടണം. ഫോൺ: ജില്ലാ വ്യവസായ കേന്ദ്രം - 0468 2212219, താലൂക്ക് വ്യവസായ ഓഫീസ് അടൂർ- 9961445884, പത്തനംതിട്ട- 8848203103, തിരുവല്ല - 9446675700. (പിഎൻപി 39/19)

## നവകേരളീയം കുടിശിക നിവാരണം 2019

പ്രാഥമിക സഹകരണ ബാങ്ക്/സംഘങ്ങളിൽ വായ്പ കുടിശികയുള്ളവർക്ക് ആനുകൂ

Sample output to test PDF Combine only

ല്യങ്ങളോടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ വായ്പ തിരിച്ചടയ്ക്കാൻ അവസരം. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് ഇൻസെന്റീവും നൽകും. ഫെബ്രുവരി 28 വരെയാണ് പദ്ധതിയുടെ കാലാവധി.

2018 നവംബർ 30ന് പൂർണമായോ ഭാഗികമായോ കുടിശികയായിട്ടുള്ള വായ്പകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രോഗബാധിതരായവർക്കും ഇത്തരത്തിലുള്ള കുടുംബാംഗങ്ങളെ ചികിത്സിക്കുന്നതുമൂലം വായ്പ കുടിശികയായിട്ടുള്ളവർക്കും പ്രത്യേക ആനുകൂല്യം ലഭിക്കും. വെള്ളപ്പൊക്കബാധിത പ്രദേശങ്ങളിലെ വായ്പക്കാർക്കും റിസ്ക് ഫ ് പദ്ധതിയിൽ ആനുകൂല്യം ലഭിക്കാത്തവർക്കും ഇളവ് ലഭിക്കും. ആർബിട്രേഷൻ/എക്സിക്യൂഷൻ കേസ് ഫയൽ ചെയ്തിട്ടുള്ള വായ്പകൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും. പദ്ധതിയുടെ ഭാഗമായി ര ് ഘട്ടങ്ങളിലായി സംഘം തലത്തിലും സഹകരണ വകുപ്പ് തലത്തിലും അദാലത്തുകൾ നടത്തും. സഹകരണ ബാങ്കുകളിലെ വായ്പാ കുടിശികക്കാർ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ജോയിന്റ് രജിസ്ട്രാർ (ജനറൽ) അറിയിച്ചു. (പിഎൻപി 40/18)

## ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന വ്യാപകമാക്കണം – താലൂക്ക് വികസന സമിതി

ജില്ലയിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധന വ്യാപകമാക്കണമെന്നും വരൾച്ച വർധിക്കുവാനുള്ള സാഹചര്യമുള്ളതിനാൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ, വാട്ടർ അതോറിറ്റി, ഭൂജലവകുപ്പ് എന്നിവ മുൻകൂട്ടി തയാറെടുപ്പുകൾ നടത്തണമെന്നും കോഴഞ്ചേരി താലൂക്ക് വികസന സമിതി യോഗം ആവശ്യപ്പെട്ടു. ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ബി.സത്യൻ അധ്യക്ഷത വഹിച്ച യോഗത്തിൽ തഹസീൽദാർ ബി.ജ്യോതി, ചെന്നീർക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കല അജിത്ത്, ഡെപ്യൂട്ടി തഹസിൽദാർമാരായ കെ.ജയദീപ്, കെ.കെ.ഗോപാലകൃഷ്ണപിള്ള, സുബിൻ വർഗീസ്, റ്റിറ്റി ജോൺസ് കച്ചിറ, എൻ.ബിസ്മില്ലാഖാൻ എന്നിവർ പങ്കെടുത്തു.

(പിഎൻപി 41/19)

## സ്കോൾ – കേരള ദിനാഘോഷം 13ന് ജില്ലാതല മത്സരങ്ങൾ നടത്തും

സ്കോൾ–കേരള ദിനാഘോഷത്തിന്റെ ഭാഗമായി ഈ മാസം 13ന് വിദ്യാർഥികൾക്കായി വിവിധ ഇനങ്ങളിൽ ജില്ലാതല മത്സരങ്ങൾ നടത്തും. ഓരോ പഠന/പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികളെ പങ്കെടുപ്പിച്ച് തിരുവല്ല എംജിഎം എച്ച്എസ്എസിലാണ് മത്സരം നടത്തുക. പ്രസംഗം, ലളിതഗാനം, ഉപന്യാസരചന, പോസ്റ്റർ രചന, നാടൻപാട്ട് എന്നീ ഇനങ്ങളിലാണ് മത്സരം. ഒന്നും ര ും സ്ഥാനങ്ങൾ നേടുന്നവർക്ക് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരത്തിന് 0468 2325499 എന്ന നമ്പരിൽ ബന്ധപ്പെടണം. (പിഎൻപി 42/18)

## ആറന്മുള ഗ്രാമപഞ്ചായത്ത് പദ്ധതികൾക്ക് അംഗീകാരം

ആറന്മുള ഗ്രാമപഞ്ചായത്തിലെ 2019–20 വർഷത്തെ പദ്ധതികൾക്ക് ആസൂത്രണ സമിതി അംഗീകാരം. 242 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിരിക്കുന്നത്. പാർപ്പിടം, ശുചിത്വം, റോഡ്, റോഡ് ഇതരം, ജനങ്ങളുടെ അടിസ്ഥാന സൗകര്യവികസനം എന്നിവയും ഭിന്നശേഷിക്കാർ, ഭിന്നലിംഗക്കാർ, വനിതാഘടകം, കുട്ടികൾ എന്നിവർക്കുള്ള പ്രത്യേക പദ്ധതികളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടു ്. വയോജന പരിപാലനം, പട്ടികജാതി, പട്ടികവർഗ വിഭാഗത്തിനായുള്ള പദ്ധതികൾക്കായി പ്രത്യേക ഫ ും വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടു ്. ശുചിത്വ മാലിന്യ സംസ്കരണം, ജലസംരക്ഷണം

Sample output to test PDF Combine only

എന്നിവയ്ക്കുള്ള തുകയും പദ്ധതിയിൽ നീക്കിവച്ചിട്ടു ്. ഉൽപ്പാദന മേഖലയുടെ വളർച്ചയ്ക്കായി പൊതുവിഭാഗത്തിനും തുക വകയിരുത്തിയിട്ടു ്. ആകെ 4.3 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചതെന്ന് പഞ്ചായത്ത് പ്രസിഡന്റ് ഐഷാ പുരുഷോത്തമൻ അറിയിച്ചു. (പിഎൻപി 43/19)

## യോഗം മാറ്റിവച്ചു

ചെറുകോൽപ്പുഴ ഹിന്ദുമത മഹാമണ്ഡലം പരിഷത്ത്, മാരാമൺ കൺവൻഷൻ എന്നിവയുമായി ബന്ധപ്പെട്ട് ഇന്ന് (6) ജലവിഭവമന്ത്രിയുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേരാനിരുന്ന യോഗം മാറ്റിവച്ചതായി ജില്ലാ കളക്ടർ അറിയിച്ചു. (പിഎൻപി 44/18)

## പ്രത്യേക പത്രക്കുറിപ്പ്

## ഇന്ന് (6) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (6) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: സൈമൺ ജോർജ് ആൻഡ് സൺസ് പത്തനംതിട്ട, മുക്കന്നൂർ മെഡിക്കൽസ് കോന്നി, നീതി മെഡിക്കൽ സ്റ്റോർ കോഴഞ്ചേരി, ബിനു മെഡിക്കൽസ് അടൂർ, ശ്രീശബരി മെഡിക്കൽസ് പന്തളം, ഭാരത് മെഡിക്കൽസ് കുറ്റപ്പുഴ തിരുവല്ല, ഡോക്ടേഴ്സ് മെഡിക്കൽസ് ആൻഡ് ഡയബറ്റിക്സ് സെന്റർ പഴവങ്ങാടി റാന്നി, താഴത്തില്ലത്ത് മെഡിക്കൽസ് വടശേരിക്കര. (പ്രത്യേക പത്രക്കുറിപ്പ് 04/19)

## നാളെ (7) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ നാളെ (7) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: നീതി മെഡിക്കൽ സ്റ്റോർ കുമ്പഴ പത്തനംതിട്ട, അർച്ചന മെഡിക്കൽസ് കോന്നി, പഴഞ്ഞിയിൽ മെഡിക്കൽസ് കോഴഞ്ചേരി, കരുവാറ്റ മെഡിക്കൽസ് അടൂർ, വള്ളിക്കുന്നേൽ മെഡിക്കൽസ് കുളനട പന്തളം, തോംസൺ മെഡിക്കൽസ് തിരുവല്ല, ജൻ ഔഷധി മെഡിക്കൽ സ്റ്റോർ റാന്നി, നീതി മെഡിക്കൽ സ്റ്റോർ വടശേരിക്കര.

(പ്രത്യേക പത്രക്കുറിപ്പ് 04/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

Sample output to test PDF Combine only

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 5<br>January 5 | 2019 |
|---|---|

*1193 ധനു 21 ശനി*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**നാരങ്ങാനം ഗ്രന്ഥശാല സമുച്ചയം ഉദ്ഘാടനം ചെയ്തു**

എട്ട് പതിറ്റാ ിന്റെ അറിവിന്റെ കൂടാരത്തിന് അസൗകര്യങ്ങളുടെ പരാധീനതകളിൽ നിന്നും വിട. നാരങ്ങാനം ഗ്രാമപഞ്ചായത്തിൽ പുതുതായി നിർമിച്ച ഗ്രന്ഥശാല സമുച്ചയത്തിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കടമ്മനിട്ട കരുണാകരൻ നിർവഹിച്ചു. ഗ്രന്ഥാശാലകളുടെ വളർച്ച ആരംഭിച്ച 1936 കാലത്ത് പുസ്തകങ്ങളുടെ പുതിയ ലോകം നാരങ്ങാനത്തെ പൊതുജനങ്ങൾക്ക് പകർന്നു നൽകിയ ഗ്രന്ഥശാല സ്വന്തമായൊരു കെട്ടിടമില്ലാതെ ബുദ്ധിമുട്ടുകയായിരുന്നു. ലോക ബാങ്കിൽ നിന്നും അനുവദിച്ച 23 ലക്ഷം രൂപ മുടക്കിയാണ് ഗ്രന്ഥശാല സമുച്ചയത്തിന്റെ ഇരുനില കെട്ടിടം നിർമാണം പൂർത്തീകരിച്ചത്. താഴത്തെ നിലയിൽ ആയുർവേദ ഡിസ്പെൻസറിയും മുകളിൽ ലൈബ്രറിയുമാണ് പ്രവർത്തിക്കുന്നത്. വൈസ്പ്രസിഡന്റ് അമ്പിളി ഹരിദാസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ പഞ്ചായത്തംഗങ്ങളായ കെ.ജി സുരേഷ്, ജിനി ജോസ്, ശ്രീകാന്ത് കളരിക്കൽ, ജിജിൻ തു ത്തിൽ, അഭിലാഷ്, ചാരുകുമാർ, ഇന്ദു രാജേന്ദ്രൻ, സിഡിഎസ് ചെയർപേഴ്സൺ പ്രിയാമനോജ്, പഞ്ചയാത്ത് സെക്രട്ടറി ഗിഫ്റ്റി, ലൈബ്രേറിയൻ മഹേഷ് കുമാർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 45/19)

**തുടർച്ചയായ ആറാം വർഷത്തിലും ഇ-ഗവേണൻസ് അവാർഡ് തിളക്കത്തിൽ ടി.എ ഷാജഹാൻ**

സംസ്ഥാന ഇ-ഗവേണൻസ് അവാർഡ് തുടർച്ചയായ ആറാം വർഷവും ടി.എ

Sample output to test PDF Combine only

ഷാജഹാന്‍. സംസ്ഥാന സര്‍ക്കാരിന്റെ മികച്ച അക്ഷയകേന്ദ്രത്തിനുള്ള ഒന്നാം സ്ഥാനമായ ഇ-ഗവേണന്‍സ് പുരസ്കാരമാണ് ഇത്തവണയും ഷാജഹാനെ തേടി എത്തിയിരിക്കുന്നത്. പത്തനംതിട്ട അബാന്‍ ലൊക്കേഷന്‍ അക്ഷയ സംരംഭകനാണ് ഷാജഹാന്‍.

2012 ലെ ബി.എസ്.എന്‍.എല്‍ പുരസ്കാരവും, 2013ലേയും 2018ലേയും മികച്ച സംരംഭകനുള്ള ദേശീയ ഇ-ഗവേണന്‍സ് അവാര്‍ഡും ഷാജഹാന്‍ കരസ്ഥമാക്കിയിട്ടു ്. കൂടാതെ സംസ്ഥാന തലത്തില്‍ ഏറ്റവും മികച്ച അക്ഷയ സംരംഭകനെന്ന ബഹുമതിക്കും ഷാജഹാന്‍ അര്‍ഹനായിട്ടു ്. തന്റെ അക്ഷയ കേന്ദ്രത്തിലെ പരിചയസമ്പന്നരായ ജീവനക്കാരുടെ ആത്മാര്‍ത്ഥയും അര്‍പ്പണമനോഭാവവുംമാണ് ഈ നേട്ടങ്ങള്‍ക്ക് പിന്നിലെന്ന് ഷാജഹാന്‍ പറഞ്ഞു. ജില്ലയിലെ ആദ്യമായി ബ്രാന്‍ഡ് ചെയ്ത അക്ഷയകേന്ദ്രവും, സംസ്ഥാനത്ത് ആദ്യമായി ഐ.എസ്.ഒ അംഗീകാരം ലഭിച്ച അക്ഷയ കേന്ദ്രവും ഷാജഹാന്റെ ഉടമസ്ഥതയിലുള്ളതാണ്. ഇവിടെയെത്തുന്ന ഉപഭോക്താക്കള്‍ക്ക് ടോക്കണ്‍ സമ്പ്രദായം ഏര്‍പ്പെടുത്തിയിട്ടു ്. ഭിന്നശേഷിക്കാര്‍ക്കും മുതിര്‍ന്ന പൗരന്മാര്‍ക്കും ഇവിടെ പ്രത്യേക പരി ഗണന നല്‍കുന്നു ്. സംസ്ഥാന ചീഫ് സെക്രട്ടറി ടോം ജോസില്‍ നിന്ന് ഷാജഹാന്‍ അവാര്‍ഡ് ഏറ്റുവാങ്ങി. സംസ്ഥാന ഐടി വകുപ്പ് സെക്രട്ടറി എം. ശിവശങ്കര്‍, ഐ.ടി മിഷന്‍ ഡയറക്ടര്‍ ഡോ.എസ് ചിത്ര, ഐ.എം.ജി ഡയറക്ടര്‍ കെ.ജയകുമാര്‍, ഇ-ഗവേണന്‍സ് ജൂറി അംഗങ്ങളായ ഡോ.എസ്.സജീവ്, ആനന്ദപാര്‍ത്ഥസാരഥി തുടങ്ങിയവര്‍ അവാര്‍ഡ് വിതരണ ചടങ്ങില്‍ പങ്കെടുത്തു. (പിഎന്‍പി 46/18)

## ടെന്‍ഡര്‍

കോഴഞ്ചേരി ജില്ലാ കാന്‍സര്‍ സെന്ററില്‍ ലിഫ്റ്റ്/എലിവേറ്റര്‍ സ്ഥാപിക്കുന്നതിന് ടെന്‍ഡര്‍ ക്ഷണിച്ചു. ടെന്‍ഡറുകള്‍ ഡയറക്ടര്‍/സെക്രട്ടറി, ജില്ലാ കാന്‍സര്‍ സെന്റര്‍-ജില്ലാ ഹോസ്പിറ്റല്‍ കോഴഞ്ചേരി എന്ന വിലാസത്തില്‍ ഫെബ്രുവരി 28 വരെ സ്വീകരിക്കും.

(പിഎന്‍പി 47/19)

## നാറാണംമൂഴി ഗ്രാമപഞ്ചായത്ത് വാര്‍ഷിക പദ്ധതികള്‍ക്ക് അംഗീകാരം

നാറാണംമൂഴി ഗ്രാമപഞ്ചായത്തിന് 2019-20 വര്‍ഷം ആറുകോടി രൂപയുടെ 162 പദ്ധതികള്‍ക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം. കാര്‍ഷിക മേഖലയില്‍ 1.17 കോടി രൂപയും സേവന മേഖലയില്‍ 3.45 കോടി രൂപയും പശ്ചാത്തലമേഖലയില്‍ 1.42 കോടി രൂപയും നീക്കിവച്ചിട്ടു ്. ഫലവൃക്ഷ തൈ വിതരണത്തിന് ആറ് ലക്ഷം രൂപയും കിണര്‍ റീചാര്‍ജ്ജിംഗിന് നാല് ലക്ഷം രൂപയും, വീടുകളില്‍ ബയോബിന്‍ സ്ഥാപിക്കുതിന് 5.6 ലക്ഷം രൂപയും ലൈഫ് ഭവന പദ്ധതിക്ക് 1.14 കോടി രൂപയും, വീട് വാസയോഗ്യമാക്കുതിന് 49 ലക്ഷവും പദ്ധതിയില്‍ വകയിരുത്തി. ആശ്രയ പാലിയേറ്റീവ് ഉള്‍പ്പെടെ വയോജനങ്ങള്‍ക്കായി 25 ലക്ഷം രൂപയും ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി എട്ട് ലക്ഷം രൂപയും സ്കൂള്‍ വിദ്യാര്‍ഥികള്‍ക്ക് പ്രഭാതഭക്ഷണത്തിനായി നാല് ലക്ഷം രൂപയും വകയിരുത്തിയിട്ടു ്. ആര്‍ദ്രം പദ്ധതി ആശുപത്രി വികസനം, ഡോക്ടര്‍, നഴ്സ് സേവനം എന്നിവയ്ക്കായി 29 ലക്ഷം രൂപയും ബഡ്സ് സ്കൂളിന് 9.5 ലക്ഷം രൂപയും നീക്കി വച്ചിട്ടു ്. പട്ടികജാതി പട്ടികവര്‍ഗ വിഭാഗങ്ങള്‍ക്ക് വേ ി 74 ലക്ഷം രൂപയുടെയും പദ്ധതികള്‍ക്ക് അംഗീകാരം ലഭിച്ചു. (പിഎന്‍പി 48/19)

## ലേലം

കേരള ആംഡ് പോലീസ് അഞ്ചാം ബറ്റാലിയനില്‍ സൂക്ഷിച്ചിട്ടുള്ള ഉപയോഗശൂന്യമായ ഉപകരണങ്ങള്‍ ഈ മാസം 14ന് മണിയാര്‍ ഡിറ്റാച്ച്മെന്റ് ക്യാമ്പില്‍ ലേലം ചെയ്യും.

(പിഎന്‍പി 49/19)

Sample output to test PDF Combine only

## റാന്നി പഞ്ചായത്തിലെ വർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം

റാന്നി ഗ്രാമപഞ്ചായത്ത് 2019-20 വർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം. പ്രളയത്തിന്റെ കെടുതികളിൽ നിന്നും മുക്തമായില്ലെങ്കിലും കൃത്യമായി പദ്ധതികൾ രൂപീകരിച്ച് ആദ്യം തന്നെ അംഗീകാരം നേടുവാൻ സാധിച്ചെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശശികല രാജശേഖരൻ അറിയിച്ചു. 107 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. ഉത്പാദന മേഖലയിൽ 72 ലക്ഷം രൂപയുടെയും സേവന മേഖലയിൽ 2.23 കോടി രൂപയുടെയും പശ്ചാത്തല മേഖലയിൽ 96 ലക്ഷം രൂപയുടെയും പദ്ധതികളാണ് ആസൂത്രണ സമിതിയിൽ അംഗീകാരം ലഭിച്ചത്. സംസ്ഥാനത്തിലെ 1200 തദ്ദേശ സ്ഥാപനങ്ങളിൽ ര ാമതായി ആസൂത്രണ സമിതിക്ക് പദ്ധതി സമർപ്പിച്ച് അംഗീകാരം വാങ്ങുന്ന ഗ്രാമപഞ്ചായത്ത് എന്ന നേട്ടവും പഞ്ചായത്തിന് സ്വന്തമാണ്. 2017-18 ൽ ഒന്നാമതായും 2018-19 ൽ മൂന്നാമതായും റാന്നി ഗ്രാമപഞ്ചായത്തായിരുന്നു അംഗീകാരം നേടിയത്.

(പിഎൻപി 50/18)

## വീഡിയോ എഡിറ്റിങ് കോഴ്സ് : അപേക്ഷ 2019 ജനുവരി 11 വരെ

സംസ്ഥാന സർക്കാരിന്റെ സ്വയംഭരണസ്ഥാപനമായ കേരള മീഡിയ അക്കാദമി തിരുവനന്തപുരം, എറണാകുളം (കാക്കനാട്) സെന്ററുകളിൽ നടത്തുന്ന വീഡിയോ എഡിറ്റിങ് സർട്ടിഫിക്കറ്റ് കോഴ്സ് പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്ന തീയതി ജനുവരി 11 വരെ നീട്ടി. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ ആറ് മാസമാണ് കോഴ്സിന്റെ കാലാവധി വീഡിയോ എഡിറ്റിംഗുമായി ബന്ധപ്പെട്ട അതിനൂതന സോഫ്റ്റ്‌വെയറുകളിലുള്ള പരിശീലനവും നൽകും.

30000 രൂപയാണ് ഫീസ്. പട്ടികജാതി/പട്ടികവർഗ/ഒ.ഇ.സി വിദ്യാർഥികൾക്ക് ഫീസ് ആനുകൂല്യം ലഭിക്കും. പ്ലസ് ടു വിദ്യാഭ്യാസയോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അടിസ്ഥാന യോഗ്യതാ പരീക്ഷയുടെ മെറിറ്റ് അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. പ്രായം 2018 നവംബർ 30ന് 30 വയസ് കവിയരുത്. പട്ടികവിഭാഗക്കാർക്ക് അഞ്ച് വയസ്സ് ഇളവു ്. ദൃശ്യമാധ്യമങ്ങളിലും വീഡിയോ എഡിറ്റിങ് രംഗത്തും തൊഴിൽ സാധ്യതയുള്ള ഈ കോഴ്സിന്റെ പ്രായോഗിക പരിശീലനത്തിന് സുസജ്ജമായ എഡിറ്റ് സ്യൂട്ട്, ആർട്ട് സ്റ്റുഡിയോ, ഔട്ട്ഡോർ വീഡിയോ ഷൂട്ടിങ് സംവിധാനം എന്നിവ അക്കാദമി ക്രമീകരിച്ചിട്ടു ്.

അക്കാദമി വെബ്സൈറ്റായ www.keralamediaacademy.orgൽ നിന്നും അപേക്ഷാഫോറം ഡൗൺലോഡ് ചെയ്യാം. അപേക്ഷയോടൊപ്പം സർട്ടിഫിക്കറ്റുകളുടെ പകർപ്പും വയ്ക്കണം. സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട് എന്ന പേരിൽ എറണാകുളം സർവീസ് ബ്രാഞ്ചിൽ മാറാവുന്ന 300 രൂപയുടെ (പട്ടിക വിഭാഗക്കാർക്ക് 150 രൂപ) ഡിമാൻഡ് ഡ്രാഫ്റ്റും നൽകണം. കാക്കനാട് സെന്ററിലേക്കുള്ള അപേക്ഷ സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട് കൊച്ചി-30 എന്ന വിലാസത്തിലും തിരുവനന്തപുരം സെന്ററിലേക്കുള്ള അപേക്ഷ കേരള മീഡിയ അക്കാദമി, തിരുവനന്തപുരം സബ് സെന്റർ, ടി.സി 9/1487, ശാസ്തമംഗലം, തിരുവനന്തപുരം-10 എന്ന വിലാസത്തിലുമാണ് അയയ്ക്കേ ത്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2422275, 0484 2422068.

(പിഎൻപി 51/18)

## അറ്റൻഡർ കം ഡ്രൈവർ ഒഴിവ്

മൃഗസംരക്ഷണ വകുപ്പിൽ ജില്ലയിലെ വിവിധ ബ്ലോക്കുകളിലേക്ക് രാത്രികാല മൃഗചികിത്സാ സേവനത്തിനായി നിയമിച്ചിട്ടുള്ള വെറ്ററിനറി സർജന്മാരെ സഹായിക്കുന്നതിന് അറ്റൻഡർ കം ഡ്രൈവറെ നിയമിക്കുന്നു. പ്രതിദിനം 350 രൂപ നിരക്കിൽ 179 ദിവസത്തേക്കാണ് നിയമനം. വൈകിട്ട് ആറ് മുതൽ രാവിലെ ആറ് വരെയാണ് ജോലി സമയം. താത്പര്യമുള്ളവർ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ്, ത്രീവീലർ ഡ്രൈവിംഗ് ലൈസൻസും

Sample output to test PDF Combine only

ബാഡ്ജും സഹിതം ഈ മാസം 10ന് രാവിലെ 11ന് പത്തനംതിട്ട മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ ഹാജരാകണം. കോന്നി, മല്ലപ്പള്ളി, പുല്ലാട് വെറ്ററിനറി ഹോസ്പിറ്റൽ, തട്ട, ഇലന്തൂർ വെറ്ററിനറി ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങളുടെ സമീപപ്രദേശങ്ങളിലുള്ളവർക്ക് മുൻഗണന. ഫോൺ: 0468 2322762.

(പിഎൻപി 52/18)

## ദുരന്തനിവാരണ അതോറിറ്റി യോഗം നാളെ (7)

മകരവിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തേ ക്രമീകരണങ്ങൾ സംബന്ധിച്ച് നാളെ (7) രാവിലെ 10ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ യോഗം ചേരും. (പിഎൻപി 53/18)

## എയർഫോഴ്സിൽ ജോലി നേടാൻ സൗജന്യ പരിശീലനം

ഇന്ത്യൻ എയർഫോഴ്സിൽ എയർമെൻ ഗ്രൂപ്പ് എക്സ്, ഗ്രൂപ്പ് വൈ കാറ്റഗറിയിലേക്ക് നടക്കുന്ന പരീക്ഷയ്ക്ക് ഉദ്യോഗാർഥികളെ സജ്ജരാക്കാൻ ജില്ലാഭരണകൂടവും കടമ്മനിട്ട മൗ ് സിയോൺ എൻജിനിയറിംഗ് കോളജും സംയുക്തമായി സൗജന്യ തീവ്രപരിശീലന പദ്ധതി നടത്തും. വിന്നിംഗ് സ്റ്റാർ-19 എന്ന പേരിലുള്ള പരിശീലന പദ്ധതി പ്രകാരം പരീക്ഷ എഴുതാൻ താൽപര്യമുള്ള 100 കുട്ടികൾക്ക് വരുന്ന മൂന്നു മാസക്കാലം എല്ലാ വാരാന്ത്യവും മൗ ് സിയോൺ എൻജിനിയറിംഗ് കോളജിൽ പരിശീലനം നൽകും. സ്റ്റാർ(ഷെഡ്യൂൾഡ് ടെസ്റ്റ് ഫോർ എയർമെൻ റിക്രൂട്ട്മെന്റ്) എന്ന പേരിലുള്ള പരീക്ഷ മാർച്ച് മാസത്തിലാണ് എയർ ഫോഴ്സ് നടത്തുക.

സയൻസ് വിഭാഗത്തിൽ 50 ശതമാനത്തിൽ കൂടുതൽ മാർക്കുള്ള പ്ലസ്ടു പാസായതോ, പഠിക്കുന്നതോ ആയ 17നും 21നും ഇടയിൽ പ്രായമായ ആൺകുട്ടികൾക്ക് അപേക്ഷിക്കാം. പ്ലസ്ടു വരെ സയൻസ് വിഭാഗത്തിൽ പഠിച്ചിട്ടുള്ള വിദ്യാർഥികൾക്കായി ഇംഗ്ലീഷ്, കണക്ക്, ഫിസിക്സ്, റീസണിംഗ്-ജനറൽ അവയെർനെസ് എന്നീ വിഷയങ്ങളിലാണ് പരീക്ഷ. താൽപര്യമുള്ള വിദ്യാർഥികൾ ജില്ലയിലെ എല്ലാ ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാർ മുമ്പാകെ പേര് നൽകണം. അപേക്ഷ നൽകുന്നവർക്ക് ഈമാസം 11ന് തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ സ്ക്രീനിംഗ് ടെസ്റ്റ് നടത്തും. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ശനി, ഞായർ ദിവസങ്ങളിൽ പരിശീലനം നൽകും. 17നും 21നും ഇടയിൽ പ്രായമുള്ള കോളജ് വിദ്യാർഥികൾക്കും മറ്റുള്ളവർക്കും വേ ി ഈമാസം 12ന് സ്ക്രീനിംഗ് ടെസ്റ്റ് നടത്തും. ഈ ടെസ്റ്റിൽ പങ്കെടുക്കാൻ താൽപര്യമുള്ള വിദ്യാർഥികൾ 9539525239 എന്ന നമ്പരിൽ ബന്ധപ്പെടണം. (പിഎൻപി 54/18)

## മകരവിളക്ക് വ്യൂ പോയിന്റുകളിലെ സുരക്ഷാസ്ഥിതി വിലയിരുത്തി

മകരവിളക്ക് മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ വ്യൂപോയിന്റുകളിൽ സുരക്ഷാ പരിശോധന നടത്തി. ജില്ലാ ദുരന്തനിവാരണം വിഭാഗം ഡെപ്യൂട്ടി കളക്ടർ എസ്. ശിവപ്രസാദ്, ദുരന്തനിവാരണം അസിസ്റ്റന്റ് പ്രൊഫസർ അമൽരാജ് എന്നിവരുടെ നേതൃത്വത്തിൽ ഫയർഫോഴ്സ്, വനം, റവന്യൂ, ഇറിഗേഷൻ, പോലീസ്, ആരോഗ്യവകുപ്പ്, ജലസേചനം തുടങ്ങിയ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പരിശോധനയിൽ പങ്കെടുത്തു. ജില്ലയിലെ പ്രധാനപ്പെട്ട മകരവിളക്ക് വ്യൂ പോയിന്റുകളായ അയ്യൻമല, നെല്ലിമല, പഞ്ഞിപ്പാറ, അട്ടത്തോട്, ഇലവുങ്കൽ, ചിറ്റാർ, ആങ്ങമൂഴി എന്നിവിടങ്ങളിൽ സംഘം സന്ദർശിച്ചു.

മകരവിളക്കിനോട് അനുബന്ധിച്ച് അയ്യപ്പഭക്തർ തമ്പടിക്കുന്ന പ്രദേശങ്ങളിൽ മുങ്ങിമരണം തുടങ്ങിയ അപകടങ്ങൾ ഒഴിവാക്കാനായി വെള്ളക്കെട്ടുള്ള സ്ഥലങ്ങളിലെ പുഴയുടെ ആഴമെത്രയെന്ന് കാണിക്കുന്ന ബോർഡുകൾ സ്ഥാപിക്കുവാനും

Sample output to test PDF Combine only

അപകടമേഖലയെ വേർതിരിച്ച് കാണിക്കുവാനുമുള്ള നടപടി സ്വീകരിക്കാനും തീരുമാനിച്ചു. അയ്യപ്പന്മാർ മകരജ്യോതി ദർശനത്തിനെത്തുന്ന പ്രദേശങ്ങളിലെ അഗ്നിബാധയ്ക്ക് സാധ്യതയുള്ള സ്ഥലങ്ങളിൽ പ്രത്യേകം അഗ്നിരക്ഷാസേനകളെ ഏർപ്പെടുത്തുകയും ഏതെങ്കിലും തരത്തിലുള്ള അപകടങ്ങളു  ായാൽ പ്രഥമശുശ്രൂഷ നൽകുന്നതിനും അടിയന്തരവൈദ്യ സഹായം ലഭ്യമാക്കുന്നതിനും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരേയും ആംബുലൻസ് അടക്കമുള്ള സൗകര്യങ്ങളും ഏർപ്പെടുത്താനും തീരുമാനിച്ചു. വൈദ്യുതി എത്തിച്ചേരാത്ത മേഖലകളിൽ വനംവകുപ്പ് പൊലീസ്, ഫയർഫോഴ്സ് എന്നിവരുടെ കൈവശമുള്ള ആസ്ക ലൈറ്റുകൾ സ്ഥാപിക്കുന്നതിനും നിർദേശം നൽകി. അയ്യപ്പന്മാരുടെ സേവനത്തിനായി ഇവിടങ്ങളിൽ  കുടിവെള്ളം എത്തിക്കുന്നതിനുള്ള ഒരുക്കങ്ങളും പൂർത്തിയായി.

ആവശ്യമായ സ്ഥലങ്ങളിൽ അയ്യപ്പസേവാസംഘത്തിന്റെ സഹായം തേടുമെന്ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ പി.ബി.നൂഹ് അറിയിച്ചു. കളക്ടറുടെ പ്രത്യേക നിർദ്ദേശപ്രകാരമാണ് സംഘം ഇന്നലെ സന്ദർശനം നടത്തിയത്. മകരവിളക്കിന് മുമ്പ് തന്നെ പരിശീലനം ലഭിച്ച റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരെ ഈ പോയിന്റുകളിൽ ഡ്യൂട്ടിക്ക് നിയോഗിക്കുകയും നിലവിൽ നിർദ്ദേശിച്ച പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുടെ  ായെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുമെന്ന് ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടർ എസ്.ശിവപ്രസാദ് പറഞ്ഞു. ഈ ഉദ്യോഗസ്ഥർ പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള അടിയന്തരഘട്ട പ്രതികരണ കേന്ദ്രങ്ങളുമായി ചേർന്ന് പ്രവർത്തിക്കും.

ജില്ലാ ഫയർ ഓഫീസർ എം.ജി രാജേഷ്, അസിസ്റ്റന്റ് ഇറിഗേഷൻ എഞ്ചിനിയർ ജയകൃഷ്ണൻ, അയ്യപ്പസേവാസംഘം പ്രതിനിധി ഹരിദാസൻ നായർ, ആരോഗ്യ വകുപ്പ് പ്രതിനിധി ഡോ. ഇ. പ്രശോഭ്, ഡെപ്യൂട്ടി റെയ്ഞ്ചർ കെ.എസ് ജയൻ, കണമല ഡെപ്യൂട്ടി റെയ്ഞ്ചർ കെ. ഉദയകുമാർ, സീനിയർ ഫയർ ഓഫീസർ കമലാസനൻ, അസിസ്റ്റന്റ് കമാൻഡർ കെ. സുരേഷ്, റാന്നി-പെരുനാട് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി കെ. മോഹനൻ, പി.ഡബ്ല്യു.ഡി അസിസ്റ്റന്റ് എഞ്ചിനീയർ ടി.എസ് സുരേഷ്കുമാർ തുടങ്ങിയവർ സംഘത്തിലു  ായിരുന്നു. (പിഎൻപി 55/18)

## ഫോട്ടോ അടിക്കുറിപ്പ്

1) നാരങ്ങാനം ഗ്രാമപഞ്ചായത്തിൽ നിർമിച്ച ഗ്രന്ഥശാല സമുച്ചയത്തിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കടമ്മനിട്ട കരുണാകരൻ നിർവഹിക്കുന്നു.
2) സംസ്ഥാന ചീഫ് സെക്രട്ടറി ടോം ജോസിൽ നിന്ന് അക്ഷയ സംരംഭകൻ ഷാജഹാൻ സംസ്ഥാന ഇ-ഗവേണൻസ് അവാർഡ് ഏറ്റുവാങ്ങുന്നു.
3) മകരവിളക്ക് ദർശന വ്യൂപോയിന്റുകളിലെ സുരക്ഷാ സ്ഥിതി ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടർ എസ്.ശിവപ്രസാദിന്റെ നേതൃത്വത്തിലുള്ള സംഘം വിലയിരുത്തുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

Sample output to test PDF Combine only

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 5<br>January 5 | 2019 |
|---|---|

*1193 ധനു 21 ശനി*

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ശബരിമല: നിരോധനാജ്ഞ ജനുവരി 14 വരെ നീട്ടി**

ഇലവുങ്കൽ മുതൽ സന്നിധാനം വരെ പ്രഖ്യാപിച്ചിരുന്ന നിരോധനാജ്ഞ ജനുവരി 14ന് അർധരാത്രി വരെ നീട്ടി ജില്ലാ മജിസ്ട്രേട്ടും ജില്ലാ കളക്ടറുമായ പി.ബി. നൂഹ് ഉത്തരവായി. ജനുവരി അഞ്ചിന് അർധരാത്രി മുതൽ 14 ന് അർധരാത്രി വരെ ഉത്തരവിന് പ്രാബല്യമു ്.

ശബരിമല ദർശനത്തിന് എത്തുന്ന തീർഥാടകരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ക്രമസമാധാനം നിലനിർത്തി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും പൊതുമുതൽ സംരക്ഷിക്കുന്നതിനുമാണ് നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുള്ളത്. പമ്പാ പോലീസ് സ്റ്റേഷൻ പരിധിയിൽ ഇലവുങ്കൽ മുതൽ സന്നിധാനം വരെ എല്ലാ പ്രദേശങ്ങളിലും മുഴുവൻ റോഡുകളിലും ഉപറോഡുകളിലും നിരോധനാജ്ഞ ബാധകമാണ്.

ഇലവുങ്കൽ മുതൽ സന്നിധാനം വരെയുള്ള പ്രദേശങ്ങളിൽ ജനങ്ങൾ നിയമവിരുദ്ധമായി സംഘം ചേരുന്നതും പ്രകടനം, പൊതുയോഗം, വഴിതടയൽ എന്നിവ നടത്തുന്നതും നിരോധിച്ചിട്ടു ്. ശബരിമല ദർശനത്തിന് എത്തുന്ന തീർഥാടകർക്ക് സമാധാനപരമായ ദർശനം, അവരുടെ വാഹനങ്ങളുടെ സുഗമമായ സഞ്ചാരം എന്നിവ നിരോധനാജ്ഞയിൽ നിന്നും ഒഴിവാക്കിയിട്ടു ്. ഭക്തർക്ക് ഒറ്റയ്ക്കോ, സംഘമായോ ദർശനത്തിന് എത്തുന്നതിനോ ശരണം വിളിക്കുന്നതിനോ, നാമജപം നടത്തുന്നതിനോ ഈ ഉത്തരവു മൂലം യാതൊരു തടസും ഇല്ല.

ജനുവരി ര  ിന് ര  ു യുവതികൾ ശബരിമല ദർശനം നടത്തിയതിനെ തുടർ

Sample output to test PDF Combine only

ന്ന് ഉ ായ അക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട് ജില്ലയിൽ 77 കേസുകൾ രജിസ്റ്റർ ചെയ്യുകയും 110 പേരെ അറസ്റ്റ് ചെയ്തതായും ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് ചെയ്തു. മണ്ഡല മകരവിളക്ക് ഉത്സവത്തിനായി നട തുറന്ന ദിവസം മുതൽ ഇതുവരെ വിവിധ സംഭവങ്ങളിലായി ജില്ലയിൽ 116 കേസുകൾ രജിസ്റ്റർ ചെയ്തു. മകരവിളക്ക് ഉത്സവം അവസാനിക്കുന്നതിനു മുൻപ് 10നും 50നും ഇടയിൽ പ്രായമുള്ള സ്ത്രീകൾ ദർശനത്തിനായി എത്താൻ സാധ്യത ഉള്ളതായും അവർക്കെതിരേ പ്രതിഷേധത്തിനും അക്രമത്തിനും സാധ്യത ഉള്ളതായും റിപ്പോർട്ടു ്.

അതീവ സുരക്ഷാ മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള ശബരിമലയിൽ പ്രതിഷേധക്കാർ പല ഭാഗങ്ങളിൽ കേന്ദ്രീകരിക്കാനും തീർഥാടകരുടെ ഇടയിൽ നുഴഞ്ഞു കയറി അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുമുള്ള സാധ്യത കണക്കിലെടുത്ത് ക്രമസമാധാനം നിലനിർത്തി ജനങ്ങളുടെയും തീർഥാടകരുടെയും ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് ക്രിമിനൽ നടപടിക്രമം വകുപ്പ് 144 പ്രകാരം ജനുവരി 14 വരെ നിരോധനാജ്ഞ ദീർഘിപ്പിക്കണമെന്ന് ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് നൽകിയിരുന്നു.

സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ എക്സിക്യൂട്ടീവ് മജിസ്ട്രേട്ടുമാരുടെ റിപ്പോർട്ടുകളുടെയും ശബരിമലയിലെ സ്ഥിതിഗതികൾ നേരിട്ടു മനസിലാക്കിയതിന്റെയും അടിസ്ഥാനത്തിൽ ക്രമസമാധാനം നിലനിർത്തുന്നതിന് മുൻകരുതൽ എന്ന നിലയിൽ നിരോധനാജ്ഞയുടെ തൽസ്ഥിതി തുടരാവുന്നതാണെന്ന് ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേട്ടും റിപ്പോർട്ട് നൽകി.

ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് ഉ ായ അക്രമസംഭവങ്ങളിൽ പന്തളത്ത് ഒരു ബിജെപി പ്രവർത്തകൻ കൊല്ലപ്പെടുകയും നിരവധി സിപിഎം, ബിജെപി പ്രവർത്തകർക്ക് എതിരെ കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടു ്. അടൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ വിവിധ സ്ഥലങ്ങളിൽ ജനുവരി നാലിന് അക്രമം നടന്നു. ഇനിയും അക്രമത്തിന് സാധ്യതയു ന്നുള്ള അടൂർ ഡിവൈഎസ്പി, അടൂർ തഹസീൽദാർ എന്നിവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, ശബരിമല തീർഥാടനത്തോട് അനുബന്ധിച്ച് എംസി റോഡ് വഴി പന്തളം ക്ഷേത്രം, കൊട്ടാരം എന്നിവിടങ്ങളിൽ നിരവധി തീർഥാടകർ എത്തുന്നതിനാൽ, ഇവരുടെ സമാധാനപരമായ ദർശനത്തിനും, പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും അടൂർ സബ് ഡിവിഷണൽ മജിസ്ട്രേട്ട് ജനുവരി നാലു മുതൽ മൂന്നു ദിവസത്തേക്ക് അടൂർ താലൂക്കിൽ നിരോധനാജ്ഞ പുറപ്പെടുവിച്ചിട്ടു ്.

ജില്ലാ പോലീസ് മേധാവിയുടെയും ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേട്ടിന്റെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും തുലാമാസ പൂജാ സമയത്തും ചിത്തിര ആട്ട വിശേഷ സമയത്തും മണ്ഡല മകരവിളക്കിനായി നട തുറന്നതു മുതലുള്ള ക്രമസമാധാന ലംഘനത്തിന്റെയും അക്രമസംഭവങ്ങളുടെയും അടിസ്ഥാനത്തിലും സ്ഥലത്തെ സംഘർഷ സാധ്യത നേരിട്ടു ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ശബരിമലയിൽ ഏറ്റവും കൂടുതൽ തീർഥാടകർ എത്തുന്ന മകരവിളക്ക് ഉത്സവ സമയത്ത് ക്രമസമാധാനം നിലനിർത്തുന്നതിനും ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും പൊതുമുതൽ സംരക്ഷിക്കുന്നതിനുമാണ് മണ്ഡലകാലത്തെ സംഭവങ്ങളുടെ വെളിച്ചത്തിൽ ക്രിമിനൽ നടപടിക്രമം വകുപ്പ് 144 പ്രകാരം ജില്ലാ മജിസ്ട്രേട്ടായ ജില്ലാ കളക്ടർ നിരോധനാജ്ഞ നീട്ടി ഉത്തരവു പുറപ്പെടുവിച്ചത്.

(പിഎൻപി 56/18)




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

Sample output to test PDF Combine only